# കേരള കാർഷിക സർവ്വകലാശാല

## നടപടിക്രമം

കേരള കാർഷിക സർവ്വകലാശാല - തൊഴിൽ - കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ വകുപ്പുകളിലെ ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ 01.07.2019 മുതൽ പരിഷ്കരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ്, കേരള കാർഷിക സർവ്വകലാശാലയിലെ ഫാം തൊഴിലാളികൾക്കും ഭരണസമിതി തീരുമാന പ്രകാരം ബാധകമാക്കി ഉത്തരവാകുന്നു.

---

**പൊതുഭരണം - തൊഴിൽ**

നമ്പർ : ജി.എ/എഫ്2/17035/2022 വെള്ളാനിക്കര, തിയ്യതി, 28.10.2022

---

പരാമർശം : 1. 06.10.2022 ലെ സ.ഉ. (അച്ചടി) നം. 30/2022/അഗ്രി

2. 27.10.2022 തിയ്യതിയിലെ സർവ്വകലാശാലയുടെ 608-ാമത് ഭരണസമിതി യോഗ തീരുമാനം (Item No.OA-1-608)

## ഉത്തരവ്

മേൽ പരാമർശം (1) പ്രകാരം കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ വകുപ്പുകളിലെ ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ 01.07.2019 മുതൽ പരിഷ്കരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിരുന്നു. കേരള കാർഷിക സർവ്വകലാശാലയിലെ തൊഴിലാളികൾക്ക്, കേരള സർക്കാരിന്റെ കൃഷി വകുപ്പിനു കീഴിലുള്ള ഫാം തൊഴിലാളികൾക്ക് കാലാകാലങ്ങളിൽ നടപ്പാക്കിവരുന്ന സേവനവേതന വ്യവസ്ഥകളാണ് ബാധകമാക്കി വരുന്നത്. ആയതിനാൽ 27.10.2022 തിയ്യതിയിൽ നടന്ന 608-ാമത് സർവകലാശാല ഭരണസമിതി യോഗം പ്രസ്തുത സർക്കാർ ഉത്തരവ് അതേപടി കേരള കാർഷിക സർവ്വകലാശാലയിൽ നടപ്പാക്കുന്നതിന് [പരാമർശം (2)] അംഗീകാരം നൽകി.

മേൽ സാഹചര്യത്തിൽ, പരാമർശം (1) ലെ സർക്കാർ ഉത്തരവ്, 27.10.2022 തിയ്യതിയിലെ 608-ാമത് ഭരണസമിതി തീരുമാന പ്രകാരം കേരള കാർഷിക സർവ്വകലാശാലയിലെ ഫാം തൊഴിലാളികൾക്ക് ബാധകമാക്കി താഴെ കാണും പ്രകാരം ഉത്തരവാകുന്നു.

1. കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ വകുപ്പുകളിലെ ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ചുകൊണ്ടുള്ള 06.10.2022 തിയ്യതിയിലെ സ.ഉ.(അച്ചടി)നം.30/2022/അഗ്രി കേരള കാർഷിക സർവ്വകലാശാലയിലെ ഫാം തൊഴിലാളികൾക്കും ബാധകമാക്കി ഉത്തരവാകുന്നു.
2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകൾ / ഫാമുകൾ / ഗവേഷണ കേന്ദ്രങ്ങൾ / സ്കീമുകൾ / സബ് ഡിവിഷനുകൾ / സെൻട്രൽ ലൈബ്രറി / മറ്റു കേന്ദ്രങ്ങൾ എന്നിവയുടെ മേധാവികൾ ഫാം തൊഴിലാളികളുടെ വേതനം 01.07.2019 മുതൽ പരിഷ്കരിച്ച് ഉത്തരവിറക്കേണ്ടതാണ്.

3. 2022 ഒക്ടോബർ മാസം മുതൽ തൊഴിലാളികൾക്ക് പരിഷ്കരിച്ച വേതനം നൽകേണ്ടതും, 01.07.2019 തിയതി മുതൽ 30.09.2022 തിയതി വരെയുള്ള വേതന കുടിശ്ശിക സർക്കാർ ഉത്തരവുകൾക്ക് വിധേയമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4. മേൽ പരാമർശം (1) സർക്കാർ ഉത്തരവിന്റെ പകർപ്പ് തുടർനടപടികൾക്കായി ഇതോടൊപ്പം ചേർക്കുന്നു.

**// ഭരണസമിതി തീരുമാന പ്രകാരം //**

**ഡോ. എ. സക്കീർ ഹുസൈൻ**
**രജിസ്ട്രാർ**

ഉള്ളടക്കം : മേൽ പരാമർശം (1) സർക്കാർ ഉത്തരവിന്റെ പകർപ്പ്.

സ്വീകർത്താവ് : എല്ലാ കോളേജ് / സ്റ്റേഷൻ / ഫാം / സ്കീം / സബ് ഡിവിഷൻ മേധാവികളും / സെൻട്രൽ ലൈബ്രറി ലൈബ്രേറിയനും

പകർപ്പ് : വൈസ് ചാൻസലറുടെ പി.എ/ വൈസ് ചാൻസലറുടെ പി.എസ്/ രജിസ്ട്രാറുടെ പി.എ/ കംപ്ട്രോളറുടെ പി.എ/ ഡയറക്ടർ ഓഫ് റിസർച്ചിന്റെ സ്റ്റെനോ/ ഡയറക്ടർ ഓഫ് എക്സ്റ്റെൻഷന്റെ സ്റ്റെനോ/ അസ്സോസ്സിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് (ഫാംസ്)/ ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് / ജോയിന്റ് രജിസ്ട്രാർ (ഭരണം I) / ഡെപ്യൂട്ടി കംപ്ട്രോളർ (ബി & പി)/ അസിസ്റ്റന്റ് കംപ്ട്രോളർ (ബി & എം)/ അസിസ്റ്റന്റ് കംപ്ട്രോളർ (ഐ.എ.സി സി.ആർ)/ ലേബർ ഓഫീസർ / സെക്ഷൻ ഓഫീസർമാർ ജി.എ - എഫ് / ജി.എ - ജി / ബി.ജി.എ/ ഡബ്ല്യു.പി.എഫ് / എൻ.പി.എസ് സെക്ഷൻ/ പെൻഷൻ സി / കരുതൽ ശേഖരം/ മിച്ചം.

**// ഉത്തരവിൻ പ്രകാരം അയയ്ക്കുന്നത് //**

**ലേബർ ഓഫീസർ**

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് - കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ വകുപ്പുകളിലെ ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ - പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (ഫാംസ്) വകുപ്പ്

സ.ഉ.(അച്ചടി) നം.30/2022/AGRI തീയതി,തിരുവനന്തപുരം, 06-10-2022

---

പരാമർശം:- 1 10/02/2021 ലെ സ.ഉ.(അ)നം. 27/2021/ധന നമ്പർ ഉത്തരവ്.

2 02/09/2021 തീയതിയിലെ സ.ഉ(കൈ)നം.74/2021/കൃഷി നമ്പർ ഉത്തരവ്.

ഉത്തരവ്

സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളം പരാമർശം 1 ഉത്തരവ് പ്രകാരം പരിഷ്കരിച്ച ഉത്തരവായിരുന്നു. ശേഷം കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ വകുപ്പുകളുടെ കീഴിലുള്ള ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന് പരാമർശം 2 പ്രകാരം ഒരു സമിതി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ വിശദമായി പരിശോധിക്കുകയും അതനുസരിച്ച് കൃഷി , മൃഗസംരക്ഷണം , ക്ഷീരവികസനം എന്നീ വകുപ്പുകൾക്ക് കീഴിലുള്ള ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ താഴെപ്പറയും പ്രകാരം പരിഷ്കരിച്ച ഉത്തരവാകുന്നു.

| നിലവിലെ ശമ്പള സ്കെയിൽ | പരിഷ്കരിച്ച ശമ്പള സ്കെയിൽ |
|---|---|
| 16500 - 35700 | 23000 - 50200 |
| 17000 - 37500 | 23700 - 52600 |
| 17500 - 39500 | 24400 - 55200 |
| 18000 - 41500 | 25100 - 57900 |
| 19000 - 43600 | 26500 - 60700 |

2. ഫാം തൊഴിലാളികളുടെ ശമ്പള സ്കെയിൽ പരാമർശം 1 ഉത്തരവിലെ അനുബന്ധം I പ്രകാരമായിരിക്കും.

3. ശമ്പള പരിഷ്കരണത്തിന്റെ പ്രാബല്യ തിയതി 01.07.2019 ആയിരിക്കും. ഡി.എ ഒഴികെയുള്ള പ്രതിമാസ അലവൻസുകളുടെ പ്രാബല്യത്തീയതി 01.03.2021 ആയിരിക്കും.

4. ജീവനക്കാരുടെ ക്ഷാമബത്ത പരാമർശം 1 ഉത്തരവിലെ ഖണ്ഡിക 11 പ്രകാരമായിരിക്കും.

5. ഫാം തൊഴിലാളികളുടെ സമയ ബന്ധിത ഹയർ ഗ്രേഡ് പരാമർശം 1 ഉത്തരവിലെ അനുബന്ധം VI ലെ ഖണ്ഡിക 22 ഒഴികെയുള്ള വ്യവസ്ഥകൾ പ്രകാരമായിരിക്കും.

6. കാഷ്വൽ തൊഴിലാളികളുടെ പ്രതിദിന വേതനം ചുവടെ പരാമർശിക്കും വിധമായിരിക്കും.

| സർവ്വീസ് കാലാവധി | നിലവിലുള്ളത് | പുതുക്കിയത് |
|---|---|---|
| 5 വർഷം വരെ | 650/- | 900/- |
| 5 മുതൽ 15 വർഷം വരെ | 660/- | 920/- |
| 15 വർഷത്തിന് മുകളിൽ | 670/- | 930/- |

7. കാഷ്വൽ തൊഴിലാളികൾക്ക് സർക്കാർ ജീവനക്കാർക്ക് കാലാ കാലങ്ങളിൽ പ്രഖ്യാപിക്കുന്ന ക്ഷാമബത്ത അതേ നിരക്കിലും രീതിയിലും നൽകുന്നതാണ്.

8. ശമ്പള പരിഷ്കരണം അനുസരിച്ചുള്ള അർഹമായ കുടിശ്ശിക പരാമർശം 1 ഉത്തരവിലെ ഖണ്ഡിക 43 പ്രകാരമായിരിക്കും.

9. ഫാം തൊഴിലാളികളുടെ പുതുക്കിയ സ്കെയിലിലെ ശമ്പള ഫിക്സേഷൻ പരാമർശം 1 ഉത്തരവിലെ അനുബന്ധം II പ്രകാരമായിരിക്കും.

10. ഫാം തൊഴിലാളികളുടെ അലവൻസുകൾ ചുവടെ പരാമർശിക്കും വിധമായിരിക്കും

| അലവൻസ് | നിലവിലുള്ളത് | പുതുക്കി നിർദ്ദേശിക്കുന്നത് |
|---|---|---|
| യൂണിഫോം അലവൻസ് | ഒരു വർഷത്തിൽ 2400/- രൂപ | 2700 (വർഷത്തിലൊരിക്കൽ) (നിലവിൽ യൂണിഫോം അലവൻസ് ലഭിക്കുന്ന തൊഴിലാളികൾക്ക് മാത്രം) |
| ചപ്പൽ അലവൻസ് | 450/- രൂപ (വർഷത്തിൽ) | 500/- രൂപ (ഇപ്പോൾ ലഭിച്ചു കൊണ്ടിരിക്കുന്ന വിഭാഗങ്ങൾക്ക് വർഷത്തിൽ ഒരിക്കൽ) |

| | | |
|---|---|---|
| റിസ്ക് അലവൻസ് | സ്വീവേജ് ഫാമിൽ ജോലി ചെയ്യുന്നവർക്ക് 300/- രൂപ | റിസ്ക് അലവൻസ് അനുഭവിച്ചു വരുന്ന ജീവനക്കാർക്ക് 325/- രൂപ പ്രതിമാസം അനുവദിക്കാവുന്നതാണ്. |
| ഗംബൂട്ട് | ബന്ധപ്പെട്ട ആഫീസ് മുഖേന വിതരണം | ഇപ്പോൾ ഗംബൂട്ട് നൽകിക്കൊണ്ടിരിക്കുന്ന തൊഴിലാളികൾക്ക് അത് തുടർന്നും അനുവദിക്കാവുന്നതാണ്. |
| സ്കിൽഡ് അലവൻസ് | പ്രതിദിനം 20/- രൂപ | സ്കിൽഡ് അലവൻസ് ഇനത്തിൽ ഇപ്പോൾ അനുവർത്തിക്കുന്ന രീതി തുടരാവുന്നതാണ്. |
| യാത്രാബത്ത | 20/01/2016 ലെ സ.ഉ.(അ) നം. 7/2016/ധന നമ്പർ ഉത്തരവിലെ ഖണ്ഡിക 29 പ്രകാരം. | പരാമർശം 1 ഉത്തരവിലെ ഖണ്ഡിക 27 പ്രകാരം |
| വീട്ടുവാടക അലവൻസ് | 20/01/2016 ലെ സ.ഉ.(അ) നം. 7/2016/ധന നമ്പർ ഉത്തരവിലെ ഖണ്ഡിക 14 പ്രകാരം. | പരാമർശം 1 ഉത്തരവിലെ ഖണ്ഡിക 12 പ്രകാരം |
| മെഡിക്കൽ ആനുകൂല്യം | സർക്കാർ ജീവനക്കാർക്ക് ബാധകമായ വ്യവസ്ഥകൾ | സർക്കാർ ജീവനക്കാർക്ക് ബാധകമായ വ്യവസ്ഥകൾ |
| കമ്പിളി അലവൻസ് | 1500/- രൂപ (രണ്ട് വർഷത്തിൽ ഒരിക്കൽ) | ഉയർന്ന പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ഫാമുകളിലെ തൊഴിലാളികൾക്ക് രണ്ട് വർ ഷത്തിലൊരിക്കൽ 1700/- രൂപ കമ്പിളി അലവൻസായി അനുവദിക്കാവുന്നതാണ്. (മൂഗ |

| | | |
|---|---|---|
| | | സംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഗോട്ട് ഫാം അട്ടപ്പാടി, കൃഷി വകുപ്പിന്റെ കീഴിലുള്ള വണ്ടിപ്പെരിയാർ,നെല്ലിയാമ്പതി എന്നീ ഫാമുകളിലെ തൊഴിലാളികൾക്ക് മാത്രം.) |
| പോളിനേഷൻ അലവൻസ് | 2 5 തെങ്ങിൽ കയറാൻ പ്രതിദിനം 20/- രൂപ | 2 5 തെങ്ങിൽ കയറാൻ പ്രതിദിനം 2 5 / - രൂപ നിരക്കിൽ അനുവദിക്കാവുന്നതാണ് |
| കണ്ണട അലവൻസ് | 5 വർഷത്തിൽ ഒരിക്കൽ വ്യവസ്ഥകൾക്ക് വിധേയമായി 1200/- രൂപ | പരാമർശം 1 ഉത്തരവിലെ ഖണ്ഡിക 18 പ്രകാരം |
| ഹിൽ ട്രാക്ട് അലവൻസ് | 20/01/2016 ലെ സ.ഉ.(അ) നം. 7/2016/ധന നമ്പർ ഉത്തരവിലെ ഖണ്ഡിക 22 പ്രകാരം | പരാമർശം 1 ഉത്തരവിലെ ഖണ്ഡിക 19 പ്രകാരം |

11. <u>വായ്പകളും അഡ്വാൻസുകളും വിവാഹ ധനസഹായവും</u>

1. <u>വിവാഹ ധനവായ്പ</u>

ഫാം തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായ വായ്പയായി നിലവിൽ ഒരു ലക്ഷം രൂപ അനുവദിക്കുന്ന രീതി തുടരുന്നതാണ്.

2. <u>ഫ്യൂണറൽ അഡ്വാൻസ്</u>

സർവീസിലിരിക്കെ മരണമടയുന്ന തൊഴിലാളികളുടെ മരണാനന്തര ചിലവുകൾക്കായി ഇപ്പോൾ അനുവദിക്കുന്ന പലിശ രഹിത അഡ്വാൻസ് 7000/-

3

രൂപയിൽ നിന്നും 10,000/- രൂപയായി വർദ്ധിപ്പിക്കുന്നു.

12. ദേശീയ പെൻഷൻ പദ്ധതി ബാധകമായിട്ടുള്ള സ്ഥിരം തൊഴിലാളികൾ 2021 മാർച്ച് മുതൽ നിയമം അനുശാസിക്കുന്ന നിരക്കിൽ പെൻഷൻ വിഹിതം അടക്കേണ്ടതാണ്.

13. ലീവ് റൂൾ ഉൾപ്പെടെയുള്ള സേവന വ്യവസ്ഥകൾ (സ്ഥിരം/കാഷ്വൽ തൊഴിലാളികൾ) സംബന്ധിച്ച് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

14. 22.10.2001 -ലെ സ.ഉ.(അ)നം.1208/2001/ധന ഉത്തരവിൽ പരാമർശിക്കും വിധം ഒരു വർഷത്തിൽ കൂടുതലായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ എത്രയും വേഗം നിർത്തലാക്കേണ്ടതാണ്.

15. ഫാം തൊഴിലാളികളുടെ സ്റ്റാഫ് പാറ്റേൺ നിജപ്പെടുത്തി ശമ്പള പരിഷ്കരണ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.ബി.അശോക്.ഐ.എ.എസ്
സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ക്ഷീര വികസന വകുപ്പ്, തിരുവനന്തപുരം.
എല്ലാ പ്രിൻസിപ്പൽ കൃഷി ആഫീസർമാർക്കും.
കൃഷി (ക്ഷീരവികസന) വകുപ്പ്.
കൃഷി (മൃഗ സംരക്ഷണ) വകുപ്പ്.
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 1045 തീയതി 14.09.2022).
ധനകാര്യ വകുപ്പ് ( 12.08.2022 ലെ Agri-B2/52/2022-FIN. പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് ആന്റ് ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Krishna Kumar V
Date: 06-10-2022 14:49:04
സെക്ഷൻ ഓഫീസർ

ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ് ന്

കൃഷി വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്